പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1252    20.03.2012 ൽ മറുപടിക്ക്

# സംസ്ഥാനത്തെ പ്രധാന റോഡുകളിലെ കയ്യേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടേയും വാഹന സാന്ദ്രതയുടേയും പശ്ചാത്തലത്തിൽ ദേശീയ പാതകൾ ഉൾപ്പെടെ സംസ്ഥാനത്തെ പ്രധാന റോഡുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ)പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള റോഡുകളിൽ, കോടതി നടപടികൾ നടന്നു വരുന്നതും, 15 വർഷങ്ങൾക്കു മുൻപ് ഉണ്ടായിട്ടുള്ള കയ്യേറ്റവും ഒഴിച്ചുള്ള എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രധാന നഗരങ്ങളിൽ നടപ്പാതകൾ സ്വകാര്യ സ്ഥാപനങ്ങളും അനധികൃത കച്ചവടക്കാരും കയ്യേറുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾ, റവന്യൂ, പോലീസ് വകുപ്പുകളുടെ സഹായത്തോടെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും പുതിയ കയ്യേറ്റങ്ങൾ തടയാനുമായി പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക സംവിധാനവും നിരീക്ഷണവും ഏർപ്പെടുത്തുമോ ; | (ഡി) നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തിത്തന്നെ പുതിയ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

| | |
|---|---|
| (ഇ) തിരുവനന്തപുരം-നെടുമങ്ങാട്-പൊന്മുടി റോഡിൽ പഴകുറ്റി ജംഗ്ഷനു സമീപം ഹൗസിംഗ് ബോർഡ് ജംഗ്ഷനിലായി പൊതു മരാമത്ത് റോഡ് സ്വകാര്യ വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വർഷങ്ങളായി കയ്യേറി വച്ചിരിക്കുന്നത് ഒഴിപ്പിക്കുവാനും പ്രദേശത്തെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (ഇ) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ